"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരടക്കമുള്ള എല്ലാ അംഗങ്ങൾക്കും 2025-26 സാമ്പത്തിക വർഷത്തെ ഉത്സവ ബത്തയായി 2000/-രൂപ (രണ്ടായിരം രൂപ മാത്രം) വീതം അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാനും 2026 ആഗസ്റ്റ് മാസത്തെ ഓണറേറിയം മുൻകൂറായി നൽകാനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1574/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-
1. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സമർപ്പിച്ച KGPA/LM/FR/2026081702 നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2026 തീയതിയിലെ LSGD/PD/27335/2026-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് ഇത്തവണ ഓണത്തിന് അടുത്ത മാസത്തെ ഓണറേറിയം മുൻകൂറായും അഡീഷണലായി ഉത്സവ ബത്തയും അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എല്ലാ അദ്ധ്യക്ഷർക്കും 2000/- രൂപ വീതം ഉത്സവബത്തയായി അനുവദിക്കാവുന്നതാണെന്നും ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണെന്നും കൂടാതെ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആവശ്യപ്പെട്ടിരിക്കുന്നത് പോലെ സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം തദ്ദേശ സ്ഥാപനങ്ങളിലെ മുഴുവൻ മെമ്പർമാർക്കും 2000/- രൂപ വീതം ഉത്സവബത്തയായി അനുവദിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അദ്ധ്യക്ഷന്മാരടക്കമുള്ള എല്ലാ അംഗങ്ങൾക്കും ഉത്സവ ബത്തയായി 2000/-

രൂപ വീതം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാനും 2026 ആഗസ്റ്റ് മാസത്തെ ഓണറേറിയം മുൻകൂറായി നൽകുവാനും അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ , കേരള

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),തിരുവനന്തപുരം, കേരള

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ), വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Ajith Kumar K A
Date: 21-08-2026
14:51:38

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
സെക്രട്ടറിയുടെ പി. എ യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്